# A TRUE STORY

Ramya K. (IInd BSc Maths)

On a recent weekend in Atlantic city, a woman won a bucketful of quarters at a slot machine. She took a break from the slots for dinner with her husband in the hotel dining room. But fist she wanted to stash the quarters in her room. "I'll be right back and we'll go to eat", she told her husband and she carried the coin laden bucket to the elevator.

As she was about to walk into the elevator, she noticed two men already aboard. Both were black. One of them was big... very big.... an intimidating figure.

The women froze. Her first thought was these two are going to rob me. Her next thought was don't be a bigot, they look like perfectly nice gentlemen. But racial stereotypes are powerful, and fear immobilized her.

She stood and stared at the two men. She felt anxious, flustered, ashamed. She hoped they didn't read her mind, but knew they surely did; her hesitation about joining them on the elevator was all too obvious. Her face was flushed. She wouldn't just stand there, so with a mighty effort of will she picked up one foot and stepped forward and followed with the other foot and was on the elevator.

Avoiding eye contact, she turned around stiffly and faced the elevator doors as they closed. A second passed and then another second, and then another. Her fear increased ! The elevator didn't move. Panic consumed her. My god, she thought, I'm trapped and about to be robbed ! Her heart plummeted. Perspiration poured from every pore. Then.... one of men said, "Hit the floor". Instinct told her: do what they tell you. The bucket of quarters flew upwards as she threw out her arms and collapsed on the elevator carpet. A shower of coins rained down on her. Take my money and spare me, she prayed. More seconds passed. She heard one of the men say politely, "Ma'am, if you'll just tell us what floor yours going to, we'll push the button".

The one who said it had a little trouble getting the words out. He was trying mightily to hold in a belly laugh. She lifted her head and looked up at the two men. They reached down to help her up. Confused, she struggled to her feet. "When I told my man here to hit the floor". said the average sized one.

"I meant that he should hit the elevator button for our floor. I didn't mean for you to hit the floor, ma'am" He spoke genially. He bit his lip. It was obvious he was having a hard time not laughing. She thought: My God, what a spectacle I've made of myself. She was too humiliated to speak. She wanted to blurt out an apology, but words failed her. How do you apologize to two perfectly respectable gentlemen for behaving as though they were going to rob you ?

She didn't know what to say. The three of them gathered up the strewn quarters and refilled her bucket . When the elevator arrived at her floor they insisted on walking her to her room. She seemed a little unsteady on her feet, and they were afraid she might not make it down the corridor. At her door they bid her a good evening. As she slipped into her room she could hear them roaring with laughter as they walked back to the elevator. The women brushed herself off she pulled herself together and went downstairs for dinner with her husband.

The next morning flowers were delivered to her room, a dozen roses. Attached to each rose was a Crisp one hundred dollar bill. The card said :

"Thanks for the best laugh we've had in year". It was signed, Eddie Murphy & Michael Jordan.

# അശാന്തിയുടെ നടുവിൽ

സുധീഷ്കുമാർ പി.
(ബി.എ.ഇക്കണോമിക്സ്, ഒന്നാം വർഷം)

**അന്നും അയാൾ വന്നില്ല. പക്ഷേ അമ്മുവിൻെറ കൂടെ അപ്പുവിനേയും** പറഞ്ഞയച്ചിരുന്നു ഹോസ്പിറ്റലിൽ കിടക്കുന്ന അമ്മയെ കാണാൻ. അവൾ അവനേയും കൂട്ടി അവിടെ വന്നപ്പോൾ ഡിസ്ചാർജ് ചെയ്തു വെന്ന് നഴ്സ് പറഞ്ഞു. നക്ഷത്രങ്ങളും നിലാവുമില്ലാത്ത ആ രാത്രിയിൽ അവർ അവിടെയെത്തിയപ്പോൾ എല്ലാവരും ഉമ്മറത്ത് വന്ന് എത്തിനോക്കി. നേർത്ത ചിമ്മിനി വിളക്കിന്റെ വെട്ടത്തിൽ അവിടെ വട്ടം കൂടിയവരിലൊരാൾ ദൃഢസ്വരത്തിൽ പറഞ്ഞു,"മകനാണത്രെ." നിശ്ശബ്ദതയുടെ തൊട്ടിലിൽ കണ്ണീർ പെയ്യിച്ച് കിടക്കുന്ന അമ്മയെ അപ്പു തൊട്ടുനോക്കി. അവൻ അമ്മയ്ക്കരികിൽ ഉറക്കമിഴിച്ച് ഓരോന്നോർത്തു, അച്ഛന്റെ 'ചെയ്തികളെ കുറിച്ച്' അപ്പോഴും, അവന്റെ കണ്ണുകളിൽ നിന്നും ആർദ്രമായ കണികകൾ ഇറ്റിറ്റു വീണതിന്റെ പുളിപ്പ് ഇതിന് മുൻപേ കിട്ടിയതാണ്. എന്നാലും അതിനേക്കാളേറെയാണിത്. അമ്മയുടെ ആർദ്രമായ മുഖം കണ്ണീരിൽ അമർന്നപ്പോൾ അവൻ ഉറക്കെ വിളിച്ചു, അമ്മേ........ പാതികൂമ്പിയ കൺപോളകളാൽ അമ്മു ഞെട്ടിയുണർന്നു. എവിടക്കയോ വിളക്കുകൾ തെളിഞ്ഞു. അവൻ അമ്മയ്ക്കരികിൽ ഒന്നു കൂടി അമർന്നു. അവന്റെ മനസ്സിന് വല്ലാത്ത അസ്വാസ്ഥ്യം അനുഭവപ്പെട്ടപ്പോൾ ചേച്ചിയെ നോക്കി. ചേച്ചി......അച്ഛൻ വരോ? വരില്ലേ ചേച്ചി......? അവളുടെ മൗനം ഉമ്മറത്തിലുള്ളവരുടെ അടുക്കലെത്തി. വന്നില്ലെങ്കിലെന്ത്? നഷ്ടപ്പെടുന്നത് ഞങ്ങളല്ലേ........ ഓരോ ചൊടിച്ച വർത്തമാനങ്ങൾ അവരെ അസംതൃപ്തരാക്കി. അവൻ അവനെ തന്നെ ശപിച്ചു. നഷ്ടപ്പെട്ട ബാല്യകാലത്തിൽ അനുഭവിച്ച വേദനകൾ അവന്റെ മനസ്സിൽ ഊറിവന്നു. ആരൊക്കെയോ വന്ന് അമ്മയെ എത്തിനോക്കി. പച്ചമരുന്നിന്റെ ഗന്ധം അവിടെമാകെ വ്യാപിച്ചു. വൈദ്യൻ കാരണവരുടെ ചെവിട്ടിൽ പറയാൻ മറന്നില്ല! ചക്രവാളങ്ങൾക്ക് മുകളിലൂടെ കാർമേഘങ്ങൾ ഇരുണ്ടുകൂടി. അമ്മയുടെ ഇറുകിയ കണ്ണുകളും, വലിഞ്ഞ് മുറുകിയ ഞരമ്പുകളും നൊമ്പരങ്ങളുമായി മാറിയിരുന്നു. പുറത്ത് ചാറൽ മഴ പെയ്തതവനറിഞ്ഞില്ല. എവിടെ നിന്നോ ഒരാർത്തനാദം പോലെ മുഴങ്ങി. വിളക്കുകൾ വീണ്ടും തെളിഞ്ഞു. ഉയർന്ന മർമ്മരങ്ങൾ കൂട്ടക്കരച്ചിലായി മാറി. കർപ്പൂരം കത്തി തുടങ്ങി. കാവിധാരികൾ വേദങ്ങളോതി തുടങ്ങി. കുന്നിൻ മുകളിൽ എന്തോ ഒരലർച്ച കേട്ടു. അവന്റെ അച്ഛൻ കുറ്റിക്കാടുകളിലൂടെ വന്നപ്പോഴേക്കും എരിഞ്ഞ് തീരാൻ ബാക്കി നിൽക്കുന്ന ചന്ദനമുട്ടികൾക്കുള്ളിൽ ഉരുകുന്ന വെണ്ണയാണ് കണ്ടത്. അയാളുടെ ചുണ്ടുകൾ ഭാര്യയുടെ വിയോഗത്തിന്റെ നൊമ്പരങ്ങൾ ഏറ്റു വാങ്ങി. എല്ലാവരും ഓരോ വഴിയ്ക്ക് നീങ്ങി തുടങ്ങിയപ്പോൾ അതിലൊരാൾ പറഞ്ഞു"അച്ഛൻ വരും" നിങ്ങളെ കൂട്ടാൻ. അയാളും നടന്നകലെയെത്തി. എവിടെ നിന്നോ വെടിയുണ്ടയുടെ ശബ്ദം കേട്ട് പക്ഷികൾ ചീറി പറക്കുന്നു. "അപ്പോഴും അവർ ഇതൊന്നുമറിയാതെ മിഴിച്ചിരുന്നു."



## മിനിക്കഥ

# അവസാനിക്കാത്തവ

അമീർ എം. വലിയാട് (ഹിസ്റ്ററി, രണ്ടാം സെമസ്റ്റർ)

സൂര്യൻ അസ്തമിച്ചിരിക്കുന്നു. നിറയെ ആളുണ്ടായിരുന്നിട്ടും കനത്ത നിശബ്ദത. മുഖങ്ങളെല്ലാം മൂകമായിരിക്കുന്നു. സ്ത്രീകളുടെ ഭാഗത്ത്നിന്ന് തേങ്ങലിന്റെ കൂടെയുയരുന്ന ദീർഘനിശ്വാസങ്ങൾ. പരലരും എന്തെല്ലാമോ കണക്ക് കൂട്ടുന്നു.

" ഇന്നുണ്ടാവുമോ? ഡോക്ടറെന്താണ് പറഞ്ഞത്?" ആരോ ആരോടോ ചോദിക്കുകയാണ്.

" ഒന്നും ചെയ്യാനില്ലെന്നാ പറഞ്ഞത്. ഏതായാലും അധികം വൈകില്ല."

കുമ്മായഭിത്തിയിൽ തൂങ്ങിയിരുന്ന ഘടികാരത്തിലേക്ക് പായുന്ന കണ്ണുകൾ. ഘടികാരത്തിന്റെ കതാളം പോലെ നാഡിമിടിപ്പ്.

" ഒക്കെ വിധിയാണ്"

പശ്ചാതലത്തിൽ നിന്നൊഴുകി വന്ന ശോക സംഗീതത്തിന് മരണവീട്ടിലെ ശബ്ദത്തിനോട് സാമ്യം.

" കർമ്മം ചെയ്യാൻ മോഹൻ എത്തുമോ" സംശയം ചോദിച്ചയാളോട് ആർക്കൊക്കെയോ വല്ലാത്ത ദേഷ്യം. ഒപ്പം കുറച്ച് പ്രതീക്ഷയും.

"ഒന്ന് മിണ്ടാതിരി ജീവൻ പോയിട്ടല്ലേ കർമ്മം ചെയ്യലൊക്കെ"

പിന്നെയാരും മിണ്ടിയില്ല്. ഘടികാരത്തിലെ കിളി എട്ടിന്റെ പാട്ട് പാടി. 'ടു ബീ കൺടിന്യൂഡ്...' എന്ന ഇംഗ്ലീഷ് വാചകം ടി.വി. സ്ക്രീനിൽ തെളിഞ്ഞതോടെ എല്ലാവരും പിടഞ്ഞെണീറ്റു.

വിവർണമായ മുഖങ്ങളിലെല്ലാം പ്രതീക്ഷ-

"നാളെയെങ്കിലും മരിക്കാതിരിക്കില്ല!" ❖

# ചിറകൊടിയാതെ

സഞ്ജുന എം. (സോഷ്യോളജി, ഒന്നാം വർഷം)

രാത്രിയ്ക്ക് കട്ടി കൂടുമ്പോഴാണ് അവളത് കേൾക്കാറ്. അകലെയെവിടയോ നിന്ന് വിങ്ങി വിങ്ങി, തന്റെ മുറിയിൽ കടന്നത് വളരുന്നു. ചുമരുകളിൽ തട്ടി ഉടഞ്ഞ്, പിന്നെ പൂർവ്വാധികം ശക്തിയോടെ..... ചുവന്നുവീർത്ത കണ്ണുകളോടെ ചുറ്റും നോക്കി ചെവി പൊത്തിപ്പിടിച്ചവളിരിക്കും. അവൻ ചോദിക്കുന്നതിനും പറയുന്നതിനുമൊന്നും പ്രതികരണമില്ലാതെ മൂകയായി അവളിരിക്കും. ഒടുവിൽ അവന്റെ കൈകൾക്കുള്ളിൽ കിടന്ന് കരഞ്ഞ് കരഞ്ഞവൾ ഉറങ്ങിപ്പോകും.

പകലവൾ തികച്ചും വ്യത്യസ്ഥയാണ്. മോന് വേണ്ടതെല്ലാം ഒരുക്കി സ്കൂളിലേക്കയയ്ക്കാനും ഭക്ഷണം പാകം ചെയ്യാനും അവന് വേണ്ടസമയത്തെല്ലാം കാപ്പിയുണ്ടാക്കാനും എല്ലാം.... അവൻ പലതവണ ഇതേപ്പറ്റി അവളോട് ചോദിച്ചതാണ്. അപ്പോഴെല്ലാം നിഷ്കളങ്കമായ പരിഭവങ്ങളായിരുന്നു അവളുടെ മറുപടി.

"രഘ്വേട്ടാ.... മുളക്പൊടി ഈയാഴ്ച തീരൂട്ടോ"

അല്ലെങ്കിൽ


"മുറ്റത്ത് മണ്ണിത്തിരി ഇടീക്കണം രഘ്വേട്ടാ. മഴ പെയ്താ പൊറത്തിറങ്ങാൻ വയ്യാണ്ടാകും"

അവന് അവളെ ഒരിയ്ക്കലും മനസ്സിലായിരുന്നില്ല. പലപ്പോഴും അവൾക്ക് തന്നെ അവളെ മനസ്സിലായിരുന്നില്ല.

ചില ദിവസങ്ങളിൽ മണിക്കൂറുകളോളം മുറി അടച്ചിട്ടവൾ ഒറ്റയ്ക്കിരിയ്ക്കും. തന്റെ ചുറ്റും അട്ടഹാസങ്ങളും അലമുറകളും നൃത്തം വയ്ക്കുന്നതവൾക്കനുഭവപ്പെട്ടിട്ടുണ്ട്. അവയ്ക്ക് നടുവിൽ ഉയർന്ന് പൊങ്ങുന്ന സ്വന്തം നിലവിളി അവൾക്കന്യമായി തോന്നിച്ചു.

കഴിഞ്ഞയാഴ്ചയാണ് അവൾ ടി.വി ഉടച്ചത്. അവൻ വന്ന് കയറുമ്പോൾ കണ്ടത് വലിയ മുട്ടൻവടിയുമായ് ഉടഞ്ഞ ചില്ലിനുമുന്നിൽ പ്രതിമ പോലെയവൾ നില്ക്കുന്നതാണ്. ഒന്നും മനസ്സിലാകാതെ കണ്ടുതീർന്നിട്ടില്ലാത്ത കാർട്ടൂണിന്റെ നടുവിൽ മോൻ പകച്ചിരുന്നു. അവൻ വന്ന് കയറിയപ്പോൾ ഒന്നും മിണ്ടാതെ അവൾ അടുക്കളയിലേക്ക് നടന്നു. കഴുകി അടുക്കി വച്ച പാത്രങ്ങളോരോന്നുമെടുത്ത് ബേസിനിലിട്ട് അവൾ വീണ്ടും കഴുകികൊണ്ടിരുന്നു. അവനൊന്നും ചോദിച്ചില്ല. വാതിൽപടിയിൽ ചാരിനില്ക്കുന്ന അസ്വസ്ഥമായ മൗനത്തിന് അവൾ മറുപടി നല്കി."അവർ കയ്യടക്കി വച്ചിരിക്കുകയാണ്, നമ്മുടെ മോന്റെ ലോകങ്ങൾ ഒന്നൊന്നായ്. സ്കൂബിഡേയിലും പോപ്പിയിലും കുട്ടന്റെ ആഗ്രഹങ്ങളുടെ ചിറകൊടിഞ്ഞു തൂങ്ങുന്നു. എനിയ്ക്കു സഹിക്കുന്നില്ല. സ്ത്രീകളുടെ കരച്ചിൽ കേട്ട് ഭയന്നെന്റെ മോള് ചുരുങ്ങി ചുരുങ്ങി ഇല്ലാതാകുന്നു."

അന്നു രാത്രിയും അവൾ ഞെട്ടിയുണർന്നു.മുറിയിൽ അലയടിച്ചിരുന്ന രോദനം അവളുടെ ഉറക്കം കവർന്നെടുത്തു. അവളുടെ മനസ്സിൽ ചോദ്യങ്ങൾ കുമിഞ്ഞ് കൂടുകയാണ്. അവളെപ്പോലും വിഴുങ്ങാൻ പോന്ന കൂമ്പാര



ങ്ങൾക്ക് നടുവിൽ അവൾ..... തനിച്ച്.....

എല്ലാം ഇതോടെ അവസാനിക്കുമെന്നാശ്വാസത്തോടെ അവൻ കൂർക്കം വലിക്കുകയായിരുന്നു.

രണ്ട് ദിവസം മുമ്പാണ്.

അവൻ കയറി വരുമ്പോൾ ഉള്ള ദിനപത്രങ്ങളും വീക്കിലിയുമെല്ലാം അരിച്ചു പെറുക്കി കൊണ്ടുപോയി അവൾ തീയിടുന്നു. അവന് ശരിയ്ക്കും ദേഷ്യം വന്നു. അവളെ പിടിച്ചുകുലുക്കി അവനെന്തൊക്കയോ ചോദിച്ചു. അവളൊന്നും മിണ്ടുന്നില്ല. അവനെ നോക്കുക പോലും ചെയ്തില്ല. ഇനിയും എന്തു പറയണമെന്നറിയാതെ വാക്കുകൾ പരതുമ്പോൾ അവൾ സംസാരിച്ചു.

"അബുഗാരിബിലെ തണുത്ത സിമന്റ് തിണ്ണയിൽ തല മൂടിക്കെട്ടിയ നഗ്നകോലങ്ങൾ, കുടിവെള്ളത്തിന് കോള മുതലാളിമാരുടെ കാലിനടിയിൽ കിടന്ന് ഞെരിഞ്ഞമരുന്ന പാവങ്ങൾ,........ എല്ലാവരും ഒന്നിച്ചാണ് കരയുന്നത്. എനിയ്ക്കാരുടേതും തിരിച്ചറിയാനായില്ല. പഞ്ഞി തിരുകിയിട്ടും തുളച്ച് കയറുന്നു. അവസാനം അതെല്ലാം എടുത്ത് ഞാൻ കത്തിച്ചു. എല്ലാം നശിക്കട്ടെ."

അവൾ ഏറ്റവും വികൃതമായി ചിരിച്ചു.

അന്നു രാത്രി അവനറിയാവുന്ന ദൈവങ്ങളെയൊക്കെ വിളിച്ചു പ്രാർത്ഥിച്ചു. അവൻ ഉറക്കത്തിലേക്ക് വീഴുമ്പോഴും മുറിയിൽ നിലയ്ക്കാതെയുള്ള കരച്ചിൽ അവളെ പൊതിയുകയായിരുന്നു. അതിന്റെ ഉറവിടം തന്റെ മുറിയിൽ തന്നെയെന്ന് അവൾക്കുറപ്പായിരുന്നു. അവളറിയാതെ കൈകൾ അടിവയറ്റിലേക്ക് നീങ്ങി. മോള്......?

തന്നിൽ മൊട്ടിടാവുന്ന ഈഡിപ്പസിനെ കണ്ടവൾ ഭയന്നതാണോ?

അല്ല. മോളല്ല.

തലയിട്ടടിക്കാനും മാറത്തടിക്കാനും തന്റെ മോള് ലോകം കണ്ടുതുടങ്ങിയിട്ടില്ല.

അരികിൽ കൂർക്കം വലിച്ചു തുടങ്ങിയ അവനെ അവൾ കുലുക്കി വിളിച്ചു. നനഞ്ഞു തുടങ്ങിയ കണ്ണുകളിലേക്ക് ഉറക്കച്ചടവോടെ അവൻ നോക്കി.

ചോരവറ്റിയ ചുണ്ടുകളും വിളർത്ത് വെളുത്ത കവിളുകളും തലോടി അവൻ മന്ത്രിച്ചു.

"എന്തിനാ പേടിക്കുന്നത്......ഞാൻ കൂടെ തന്നെയില്ലേ."അവന്റെ കൈകൾക്കുള്ളിൽ കിടന്നവൾക്ക് ശ്വാസം മുട്ടുന്നുണ്ടായിരുന്നു.തളർന്നു തുടങ്ങിയ അലമുറ തന്റെ കവിളിലൂടെ ഒലിച്ചിറങ്ങുന്നത് അപ്പോൾ മാത്രം അവൾ തിരിച്ചറിഞ്ഞു. ആ നിമിഷം മുതൽ അവൾ അന്വേഷിക്കുകയായിരുന്നു.

സ്വന്തം മണ്ണിലും തന്നെ പിന്തുടർന്ന
തുളഞ്ഞു കയറുന്ന നോട്ടം....
ആത്മാഭിമാനത്തിന്റെ വേരുകൾ വരെ
അറത്തു മുറിയ്ക്കാൻ ഒരുമ്പെട്ടിറങ്ങിയവർ....
അവളുടെ ദാഹം അവിടെയൊന്നും ഒതുങ്ങിയില്ല.
ഒടുവിൽ ആ രാത്രി അവൾ കണ്ടു.
അവന്റെ കൈകൾക്കുള്ളിൽ സുരക്ഷിതത്വം
കണ്ടെത്തുന്ന സ്വന്തം മുഖം.
കീഴടങ്ങൽ ചരിത്രത്തിന്റെ
അവസാനതാളുകളിൽ,
സഹനവും ക്ഷമയും കണ്ണീരും
മുദ്രാവാക്യമാക്കിയ അവളുടെ മുഖം
സമൂഹം കളിപ്പാട്ടമാക്കുമ്പോഴും



ഈശ്വരൻമാർ കണ്ണുകെട്ടുമ്പോഴും
അടക്കവും ഒതുക്കവും പാലിച്ച സ്വന്തം മുഖം
പലപ്പോഴും തന്നിൽ ജ്വലിച്ചഗ്നിയെ
ഊതിക്കെടുത്തിയ ഉപദേശകോട്ടകൾക്കിടയിൽ
നല്ല പിള്ളയായ് തലചായ്ച്ചുറങ്ങിയ മുഖം.

നീണ്ടു പോകുന്ന അന്വേഷണങ്ങൾക്കിടക്കെപ്പോഴോ അവളുറങ്ങി.

ഇന്നലെ വീടെത്തും മുൻപേ അവനവളെ കണ്ടു. ശാരദേടത്തിയുടെ വീട്ടിൽ. ഒരുപാട് പേർ. ശാരദേടത്തിയുടെ മോളെ പെണ്ണുകാണാൻ വന്ന കൂട്ടരോട് അവൾ കയർത്ത് നില്ക്കുന്നു.

അവനവളെ വീട്ടിലേക്ക് വലിച്ചിഴക്കേണ്ടി വന്നു. വഴിയിലുടനീളം അവളെന്തെക്കയോ പിറുപിറുത്തു. ഗേറ്റ് കടന്നപ്പോഴേക്കും ക്ഷീണിച്ചവൾ അവശയായിരുന്നു. അവളെ താങ്ങിയെടുത്ത് അകത്ത് സോഫയിൽ കിടത്തുമ്പോൾ അവൻ ദേഷ്യം കൊണ്ട് വിറയ്ക്കുന്നുണ്ടായിരുന്നു. മുൻവശത്തെ വാതിൽ വലിച്ചടയ്ക്കുമ്പോൾ ലോകത്തോടുള്ള അവന്റെ മുഴുവൻ ദേഷ്യവും ശബ്ദിച്ചു. അസ്വസ്ഥനായ് അവൻ അങ്ങിങ്ങ് നടക്കുമ്പോൾ ചുണ്ട്കടിച്ച് സ്വയം ഒതുക്കുന്ന വികാരത്തെ തിരിച്ചറിയാനാവാതെ സോഫയിൽ കണ്ണടച്ചവൾ കിടന്നു.

ഒരുപാട് നേരം അവർക്കിടയിൽ സമയം ചത്തുകിടന്നു. അവൻ ശാന്തനായി. ക്ഷീണിച്ച് കിടക്കുന്ന അവൾക്കരികിൽ ചെന്നിരുന്നപ്പോൾ അവന് സഹതാപം തോന്നി.

അവന്റെ കൈകൾ അവളെ തേടിയെത്തിയപ്പോൾ അവൾ ഞെട്ടിയുണർന്ന് അലറി വിളിച്ചു. അടിവയറ്റിൽ രണ്ടു കൈകളുമമർത്തി അവൾ ഗർജ്ജിച്ചു.

"ചിറകൊടിയാതെ ഇവളെങ്കിലും ഈ ലോകത്ത് പറന്നോട്ടെ. നിങ്ങളുടെ ദൈവത്തിനും സമൂഹത്തിനും വിട്ടുകൊടുക്കാതെ ഞാനിവളെ വളർത്തും. എന്റെ രക്തം നല്കി, എന്തിനെയും നേരിടാൻ പോന്നവളാക്കി എന്റെ മോളെ ഞാൻ വളർത്തും."

ഊഴം കാത്ത് കിടക്കുന്ന ഇറച്ചിക്കോഴികളെ കൂട്ടിൽ നിന്ന് ആകാശത്തേക്കവൾ എറിഞ്ഞു കൊണ്ടിരിന്നു. തടയാൻ വന്ന ഇറച്ചിക്കാരനെ അവൾ പല്ലും നഖവുമുപയോഗിച്ച് പിച്ചിച്ചീന്തി. ഇതു കണ്ടവൻ ഉറക്കെ കരഞ്ഞു.

ചരിത്രത്തിലാദ്യമായ് 'അവൻ കരഞ്ഞു.' ❖

## എന്റെ പ്രണയം

സോന ജോർജ്ജ് (എം.കോം., ഒന്നാം വർഷം)

ഓർമ്മകൾ അനുഗ്രഹങ്ങളാകാം. അല്ലെങ്കിൽ ശാപവും. ഓർമ്മകൾ കടന്നുവരരുതേയെന്നാഗ്രഹിക്കുമ്പോഴും യാതൊരു ദയാദാക്ഷിണ്യവുമില്ലാതെ അവ കടന്നുവരും; വന്യതയുടെ പര്യവേക്ഷമാകും അപ്പോഴവയ്ക്ക്. എന്റെ ഓർമ്മകളെ കുഴിച്ചുമൂടി അവിടെയൊരു വാഴത്തൈ നട്ടിട്ടാണ് ഞാനിപ്പോൾ നിൽക്കുന്നത്. കടലാസും പേനയും അറിയാതെ അപരിചിതമാകുന്ന നിമിഷങ്ങൾ. ശാന്തത അറിയേണ്ടതിനായി ഞാനിതാ അലയുന്നു. പുറത്ത് ചാറ്റൽമഴ. എന്റെ മനസ്സിൽ കുറേ രൂപങ്ങൾ മിന്നിമറയുന്നു. ഞാനറിയുന്നു അവയ്ക്ക് മുഖമില്ല. അവ കോമാളികളാകാം; അല്ലെങ്കിൽ യാഥാർത്ഥ്യങ്ങളുമായി സമരസപ്പെടാൻ കഴിയാത്ത വികൃത പേക്കോലങ്ങളാകാം. അറിയാതെപോലും കണ്ണടയ്ക്കാൻ കഴിയില്ല. ആ രൂപങ്ങൾ അതിശക്തങ്ങളായി കടന്നാക്രമിച്ചെന്നുവരാം. വീണ്ടും എന്റെ കണ്ണുകൾ അറിയാതെ പുറത്തേയ്ക്ക്. അവിടെ ചാറ്റൽമഴ കനത്തു. അറിയാതെ നോക്കിനിൽക്കാൻ തോന്നുന്നു, ആ മനോഹാരിത.

അന്നും ഒരു മഴയുള്ള ദിവസമായിരുന്നു. തിയ്യതി കൃത്യമായി ഓർമ്മിക്കാൻ കഴിയുന്നില്ല. ഒരു സമരത്തിന്റെ മുഖം കോളേജിനു കൈവന്നു. മുദ്രാവാക്യങ്ങൾക്കും ഉയർന്നുതാഴുന്ന മുഷ്ടികൾക്കുമിടയിൽ കോളേജിലെ കൂറ്റൻമണി വല്ലാതെ പിടഞ്ഞു. സമരാഹ്വാനികൾക്ക് ആശ്വാസമായിക്കൊണ്ട് കലാലയത്തിലെ പക്ഷികൾ കൂടുവിട്ടു പുറത്തേക്കിറങ്ങി. എനിക്കെങ്ങും പ്രത്യേകിച്ച് പോവാനില്ല. വീശിയടിക്കുന്ന കാറ്റിൽ കുറേ വാകപ്പൂക്കൾ തലതല്ലി താഴെവ വീണു. അവയെ ചവിട്ടി മുന്നോട്ടു പോയപ്പോൾ അറിയാതെ എന്നുള്ളിൽ ഒരു പ്രതികാരത്തിന്റെ പൂർണ്ണതയായിരുന്നു. കാരണം ഇതുപോലൊരു പൂവിനെയാണല്ലോ ഞാൻ സ്വപ്നം കണ്ടത്. അകലെ ആകാശത്തിനെ തൊടാൻ പാകത്തിനൊരു മൊബൈൽ ടവർ. അതിന്റെ ഉച്ചിയിൽ രണ്ടു മൈനകൾ. ഞാൻ അത്ഭുതപ്പെട്ടു. ഓ, കണ്ണിന് തകരാറൊന്നുമില്ലല്ലോ. അറിയാതെ ഞാൻ വാച്ചിലേക്ക് നോക്കി. സമയം, അത് ഇഴഞ്ഞുനീങ്ങുന്നു. ഒരു പെരുമ്പാമ്പിന്റെ ആലസ്യം സമയത്തെയും പിടിമുറുക്കി.

പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തവർക്ക് എന്തെങ്കിലും ചെയ്യാനാണല്ലോ മരച്ചുവടുകൾ. ഞാനെന്റെ വാകച്ചോട്ടിലേക്ക് യാത്രയായി. ഉച്ചവെയിലിന്റെ കാഠിന്യം ഇല്ലാത്തതിനാൽ എന്റെ വാകച്ചുവട് കൂടുതൽ ആലസ്യവതിയായി കാണപ്പെട്ടു.

കുട്ടികൾ കൂട്ടംകൂട്ടമായി കടന്നുപൊയ്ക്കൊണ്ടേയിരുന്നു. പലതും കാണുന്ന മുഖങ്ങൾ; ചിലത് പരിചിതം; വേറെ ചിലതോ അപരിചിതങ്ങൾ. കഴിഞ്ഞ കുറേ വർഷങ്ങൾ ഈ കലാലയത്തിന്റെ സ്പന്ദനമേറ്റുവാങ്ങാൻ കഴിഞ്ഞ അപൂർവ്വം ചില ഭാഗ്യശാലികളിലൊരാളായി സ്വയം അഭിമാനിച്ചിരുന്ന നിമിഷങ്ങൾ വെറുതെയാണെന്ന് തെളിയിക്കുന്നതായിരുന്നു പല മുഖങ്ങളും. പക്ഷേ, ഇതും ഒരു രസമല്ലേ. അറിയാത്തവരെ കാണുമ്പോഴുള്ള ഒരടുപ്പം. വെറുതെ ചിന്തിച്ച് സമയം കടന്നുപോയതറിഞ്ഞില്ല. നേരം ഉച്ചകഴിയാറായി. ഇലപ്പൊതിയുമായി ഞാൻ നടന്നു. കുറച്ചകലെ ഒരു പടവുണ്ട്. അതിൽ വച്ച് ഭക്ഷണം കഴിക്കാം. കുറേയേറെ ഓർമ്മകളെ തൊട്ടുണർത്താം. ഞാൻ നടന്നു. അറിയാതെ എന്റെ കണ്ണുകൾ ഉടക്കിനിന്നു. ഒരു രൂപം; ഞാൻ ഹൃദയത്തിലേറ്റി നടന്ന രൂപം. ഞാൻ ഞാനറിയാതെ ആ രൂപത്തെ പിൻതുടർന്നു. പക്ഷേ, അധികം നടക്കുന്നതിനു മുമ്പ് അവൻ മറഞ്ഞു.

പിന്നീടുള്ള എന്റെ ദിവസങ്ങൾ അതിനു വേണ്ടിയായിരുന്നു. ഞാനറിയാതെ എന്നിലേക്കിറങ്ങിയ ആ സ്നേഹം. നാൾക്കുനാൾ അത് വർദ്ധിച്ചുവന്നു. എന്റെ വാകച്ചോട്ടിൽ ഞാനെന്നും മഞ്ചാടിക്കുരുക്കൾ കരുതിവച്ചു. കാക്കത്തൊള്ളായിരം മഞ്ചാടിക്കുരു വേണ്ടിവരുമെന്ന് മനസ്സ് പറഞ്ഞപ്പോൾ അതിനെ അറിവില്ലായ്മയെന്നു പറഞ്ഞ് ശാസിച്ചു.



കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. ഉച്ചതിരിഞ്ഞ സമയം. കോളേജ് വിടാൻ കഷ്ടി അര മണിക്കൂർ. പുറത്ത് ഒരു മഴയ്ക്കുള്ള പുറപ്പാട് തകൃതിയായി നടക്കുന്നു. മേഘങ്ങൾക്ക് കീഴെ പ്രണയത്തിനു മീതെ അരസികങ്ങളായ ക്ലാസ്സുകൾ അരങ്ങേറുന്നു. തളർന്ന കണ്ണുകളും ഉച്ചമയക്കങ്ങളുടെ വൻനിരയും ക്ലാസ്സിനെ ഒന്നാകെ ബാധിച്ചു. പലരും അർദ്ധ അബോധാവസ്ഥിൽ. സ്വപ്നങ്ങളുടെ നീരാളിക്കത്തിൽ നിന്നുള്ള മോചനമെന്ന നിലയ്ക്ക് മണിയടിച്ചു. മഴ ഒരു വെള്ളിക്കീറ് പോലെ, മഞ്ഞുതുള്ളി പോലെ പൊഴിയാൻ തുടങ്ങി. കൂട്ടംകൂട്ടമായി മഴച്ചാർത്തിൽ നിന്നു രക്ഷപ്പെടാൻ അതിസാഹസം ചെയ്തുതുടങ്ങി കുട്ടികൾ. നീണ്ട വരാന്തയുടെ ഒരരികുപറ്റി ഞാൻ നടന്നു. മഴയുടെ മാസ്മരികതയിൽ ലയിച്ച് എത്രനേരം കഴിഞ്ഞു എന്നറിയില്ല. എപ്പോഴാണെന്നറിയില്ല. ഞാൻ കണ്ടു, ആ മുഖം. വളരെ വ്യക്തമായി. നീലക്കണ്ണുകൾ, അലസമായ മുടി. സാഹസപ്പെട്ടു പൊരുത്തപ്പെട്ടതുപോലുള്ള ഇറുകിയ വേഷം. ആ കണ്ണുകളിലേക്ക് ഞാൻ നോക്കി. എന്തെങ്കിലും പറയാൻ നാവുപൊങ്ങി. പക്ഷേ, അത് താണു. വല്ലാതെ. ശബ്ദം പോലും പുറത്തുവരാൻ കഴിയാത്തവിധം.

ആ രാത്രിയിൽ ഞാനുറങ്ങിയില്ല. കണ്ണടച്ചാൽ തെളിയുന്നതാ മുഖമായിരുന്നു. കണ്ണു തുറന്നാലും അതുതന്നെ. ഞാൻ ഇക്കാര്യം ആരോടെങ്കിലും പറയാൻ ആഗ്രഹിച്ചു.ഒത്തിരി തവണ മനസ്സിനെ പാകപ്പെടുത്തി. കഴിഞ്ഞില്ല, ഒന്നിനും. ആ മുഖം എന്നെ വല്ലാതെ വേട്ടയാടി. ആ ദിവസങ്ങളിൽ ഞാനെന്റെ വാകമരച്ചോട്ടിൽ ഇരുന്നില്ല. പൂക്കളെ ചവിട്ടി നടന്നില്ല. കൽപടവുകളിൽ പോയി ഭക്ഷണം കഴിച്ചില്ല. ഞാനെന്നെ മറക്കുകയായിരുന്നു. ഒരു സാമ്രാജ്യം കൈപ്പിടിയിലൊതുക്കാൻ മനസ്സിൽ വെമ്പൽകൊള്ളുകയായിരുന്നു.

ഞാനെന്റെ മുറിയിൽ കുറെ വർണ്ണചിത്രങ്ങൾ നിറച്ചു. ഒപ്പം എന്റെ മനസ്സിലും. ഞാൻ പാട്ടുകൾ പാടാൻ തുടങ്ങി. തീവ്രാനുരാഗം നിറഞ്ഞ തന്നെ. ഞാൻ മനസ്സുകൊണ്ട് കോ കൾ മെനഞ്ഞു. എന്റെ രാജകുമാര വേണ്ടി ഞാൻ ഞാനല്ലാതാവുകയ യിരുന്നു.

കുറേ നാൾ കഴിഞ്ഞു. വീട്ടിലുള്ള വരുമായി ഒരു 'ഔട്ടിംഗ്'. സ്ഥലം ക പ്പുറം. ഞങ്ങൾ എത്തിയപ്പോൾ സ രൃൻ കടലിലൊളിക്കാൻ തുടങ്ങു യായിരുന്നു. ആ കാഴ്ച കണ് സന്തോഷത്തോടെ അത് ഫിലിമി പകർത്താൻ വെമ്പൽകൊള്ളു ജനം. ഞാൻ നടന്നു. എന്റെ പ്രണ ങ്ങളുടെ ലോകത്തേയ്ക്ക്. കുറേ ന ന്നശേഷം എന്തോ പരിചിതമായ ഒ രൂപത്തിന്റെ സാന്നിദ്ധ്യം എന്നെ അ ട്ടിയപ്പോൾ ഞാൻ തിരിഞ്ഞുനോക്കി എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല എന്റെ മൺകോട്ടകളെ ഇടിച്ചു പ്പിച്ചുകൊണ്ട് എന്റെ സ്വപ്നങ്ങ കാറ്റിൽ പറത്തിക്കൊണ്ട് ഏ രാജകുമാരനു വേണ്ടിയാണോ ഞാ കാത്തിരുന്നത് അവൻ മറ്റൊരു മ ചികയിലേക്ക് നടന്നുനീങ്ങുകയാ രുന്നു. ഒരിക്കലും പിടികൊടുക്കാ മറ്റാരുടെയോ സ്വന്തമായി.... അക ങ്ങളിലേക്ക്.... കുറേ അകലങ്ങളി ക്ക്.....

❖

# നന്ദ

മുഹമ്മദ് ഇർഷാദ് ടി.പി.(ബി.എ).ഇംഗ്ലീഷ്, രണ്ടാം വർഷം)

അവൾ ഈ ലോകത്തിനെക്കാൾ വലിയവളാണ്. കാരണം ഈ ലോകത്തിന്റെ ഉപരിപ്ലവമായ ഭംഗി അവളെക്കാൾ മറ്റാരും ആസ്വദിച്ചിട്ടില്ല എന്നത് തന്നെ. ചിലന്തികളുടെയും എലികളുടെയും വിഹാരകേന്ദ്രമായ ഒരു ഇരുട്ടടച്ച മുറിയും അന്നാട്ടിലെ എല്ലാ മാന്യൻമാരുടെയും പാദങ്ങളിലെ പൊടിയും ഏറ്റുവാങ്ങുന്ന ഒരു ചൂടിപ്പടവും അതിന് കൂട്ടായിട്ടുള്ള ഒരു ഫൈബർ കസേരയുമുള്ള ഒരു കോലായിയും കോടാനുകോടി പുംബീജങ്ങളുടെ പിടഞ്ഞുപിടഞ്ഞുള്ള മരണത്തിന് സാക്ഷ്യം വഹിച്ച (വഹിച്ചുകൊണ്ടിരിക്കുന്ന) ഒരു കുളിമുറിയും മാത്രമാണവളുടെ ലോകം. ശരീരത്തിലെ ഓരോ കോണിലേയും വിയർപ്പുതുള്ളികൾ ആർത്തിയോടെ നക്കിത്തുടക്കുന്ന അതിഥികൾ എന്നുമുണ്ടായതിനാൽ അവളെന്നും വൃത്തിയുടെ പര്യായമായിരുന്നു.

സദാചാരത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തയായിരുന്നിട്ടും അവൾ സന്തോഷവതിയായിരുന്നില്ല. ഈ ശൂന്യതക്ക് കാരണമെന്താണെന്ന് തിരക്കിയാൽ...

കാലത്തിന്റെ ചവറ്റുകൊട്ടയിൽ ലോകത്തിന്റെ കഥയില്ലായ്മയെ കൂട്ടുപിടിച്ച് ജൻമം വൃഥാവിലാക്കിയ കോടാനുകോടി ആളുകൾക്കിടയിൽ ദാ.. അവിടൊരു വെട്ടിത്തിളങ്ങുന്ന മുഖവുമായൊരു പെൺകുട്ടി. അവളാണ് നന്ദ. കാലത്തിന്റെ മുന്നോട്ടുള്ള അതിവേഗ പ്രയാണത്തിൽ അവളുടെ മേലെ കയറിനീങ്ങിയ മാന്യൻമാരിലാരുടെയോ കാമവെറിയുടെ ഉച്ഛിഷ്ടം അവൾക്ക് സമ്മനിച്ചതാണ് നന്ദയെ. നന്ദ പ്രകാശം കണ്ടനാൾ തന്റെ ജൻമമാകുന്ന ഊഷരഭൂമിയിലെവിടയോ ഉള്ള തണൽമരത്തിന്റെ ചുവട്ടിലെത്തിയ പ്രതീതിയായിരുന്നു അവൾക്ക്. പക്ഷെ ആ തണൽ..... നന്ദ അവൾക്ക് തന്റെ ബാല്യത്തിലേക്കുള്ള ഒരു വഴികാട്ടിയായ് മാറി. താൻവീണ് മുട്ടൊടിഞ്ഞ് ചോര വന്നപ്പോൾ അതു കണ്ട് തലകറങ്ങിവീണ അമ്മയുടെ അരികിലൂടെ തന്നെ ഓടിയെടുക്കാൻ വന്ന അച്ഛൻ. അമ്മയെ കണ്ടിട്ടും തന്നെ ഓടിയെടുക്കാൻ അച്ഛൻ വരണമെങ്കിൽ, തന്നെ എന്തുമാത്രം അച്ഛൻ സ്നേഹിച്ചിരിക്കണം. എന്തിനായിരുന്നു അച്ഛൻ തന്നെ അത്രമാത്രം സ്നേഹിച്ചത് എന്ന ദീർഘകാല സംശയത്തിന്റെ ഉത്തരമായി മാറി നന്ദ. സദാചാരം എന്ന യൂദാസില്ലായിരുന്നുവെങ്കിൽ തന്റെ കാമുകന്റെ കൂടെ വീട് വിട്ടിറങ്ങിയത് അച്ഛനമ്മമാരിൽനിന്ന് തന്നെ അകറ്റാൻ ഒരു കാരണമാകുമായിരുന്നില്ല എന്നവൾ ഇന്നും ഉറച്ചുവിശ്വസിക്കുന്നു. അങ്ങനെ ആ യൂദാസ് അവളുടെ ജീവിതത്തിലൊരു പാഠമായി മാറി എന്നിട്ടും തന്റെ തൊലിവെളുപ്പിനെ മാത്രം സ്നേഹിച്ച തന്റെ നീചൻ കാമുകനെ വിട്ട് ശൂന്യതയിലേക്ക് കാലെടുത്ത് വെച്ചപ്പോഴേക്കും അവൾക്ക് ജീവിതത്തെക്കുറിച്ച് കനത്ത പ്രതീക്ഷകളായിരുന്നു. ആ പ്രതീക്ഷയും നിറവേറ്റിയത് നന്ദയാണ്. പക്ഷെ നന്ദ.... ആറുവയസ്സുമാത്രം മൂപ്പുള്ള അവളെ തന്റെ അതിഥികളിലാരോ ഒരാൾ പിച്ചിച്ചീന്തുമ്പോൾ താനെവിടെയായിരുന്നു.? ഈ



ചോദ്യത്തിന് മുമ്പിൽ ഇതാ ഈ നിമിഷത്തിൽ പോലും തറുകയാണ്.

എന്തായിരുന്നു നന്ദ? എന്തിനായിരുന്നു നന്ദ? തന്റെ ജീവിതത്തിന്റെ ശൂന്യതക്കൊരു അപവാദമാകാൻ വേണ്ടി മാത്രമായിരുന്നോ ആ ജൻമം? ഉത്തരമില്ലാത്ത ഒരുകൂട്ടം ചോദ്യങ്ങൾ. ചോദ്യങ്ങളാകുന്ന വേട്ടനായ്ക്കൾ അതിന്റെ ഉരക്ക് പിന്നാലെ നിർത്താതെ ഓടുന്നു. എത്ര കാലമായുള്ള ഓട്ടം.

"നന്ദേ...." ആ നാടിന്റെ സുഖവാസകേന്ദ്രമായ ആ അമ്മയുടെ ഇടനെഞ്ച് പൊട്ടുമാറുള്ള കനപ്പെട്ട വിളി. അവളുടെ മാറിൽ തളർന്നുറങ്ങുകയായിരുന്ന അഥിതി ഞെട്ടി ഉണർന്നു. ഉടുമുണ്ട് നേരെയാക്കി കൊളുത്തിയിട്ട ഷർട്ടിൽനിന്നും ഏതാനും നോട്ടുകൾ പിറന്നപടി കിടക്കുന്ന അവളുടെ മേലേക്കെറിഞ്ഞുകൊടുത്ത് പാത്തും പുതുങ്ങിയും അയാൾ ഇരുട്ടിൽ മറഞ്ഞു. പാതിതുറന്ന് കിടക്കുന്ന വാതിൽ നോക്കിക്കൊണ്ട് അവൾ അവളുടെ ചൂണ്ടുവിരൽകൊണ്ട് വയറ്റത്തുള്ള വിയർപ്പുതുള്ളികൾ വടിച്ചെടുത്തു. അതവൾ കണ്ണിനോടടുപ്പിച്ച് അവളുടെ ലോകത്തെ അതിലേക്കൊതുക്കി. അവളുടെ മനസ്സിലൊരു മിന്നൽപിണർ പാഞ്ഞു. നന്ദയുടെ മണം. അവൾ പിറന്ന പടിയേ തന്റെ അവസാനത്തെ അതിഥിക്ക് പിന്നാലെ ഓടി.

❖

# നുറുങ്ങുകൾ

നൗഷാദ് എ.പി. (എം.എ. ഹിസ്റ്ററി, രണ്ടാം സെമസ്റ്റർ)

## പ്രതീക്ഷ

അവന്റെ ആഗ്രഹങ്ങൾക്ക് അതിരുകളില്ലായിരുന്നു. ഈ ദുഷിച്ചു നാറിയ ഭൂമിയെ പരിവർത്തന വിധേയമാക്കണം, ക്രൂരതയുടെ കരങ്ങളുമായി സഞ്ചരിക്കുന്ന മനുഷ്യൻ എന്ന പിശാചിന്റെ ചെയ്തികൾക്ക് തടയിടണം, കരുണയുടെ ഒരു പുതിയ ലോകം സൃഷ്ടിക്കണം, സ്നേഹവും സാഹോദര്യവും സമത്വവും സ്ഥാപിക്കണം, മതങ്ങൾക്കിടയിൽ സൗഹൃതം നിലനിർത്തണം.... ആഗ്രഹങ്ങൾ അങ്ങനെ നീണ്ടു. എന്നാൽ ക്രൂരതയുടെ കരങ്ങൾ അവനെ പിറന്നുവീഴാൻ അനുവദിച്ചില്ല.

## അനുകരണം

പാശ്ചാത്യൻ വന്നു, നമുക്കിടയിലേയ്ക്ക്, മാധ്യമങ്ങളിലൂടെ. ജീവിത രീതികൾ അവതരിപ്പിച്ചു, നമ്മൾ ഇരുകൈകളാൽ സ്വീകരിച്ചു. ഇടുങ്ങിയ വസ്ത്രങ്ങൾ പ്രദർശിപ്പിച്ചു. നാം എടുത്തണിഞ്ഞു. മുടി കളഞ്ഞു, പലരീതിയിൽ, നമ്മളും വെട്ടി അതേ രീതിയിൽ. അവർ കുടിച്ചു, കോളകൾ, നാമും. അവർ ജീവിച്ചു, അടിച്ചുപൊളിച്ച്, നമ്മളും. അവർ പരിചയപ്പെടുത്തി, എയ്ഡ്സിനെ, നാം സ്വീകരിച്ചു, അഭിമാനത്തോടെ. അവർ ജീവിച്ചു, നമ്മൾ ആത്മഹത്യ ചെയ്തു, ജീവിക്കാനറിയാതെ.

# ഒരു തിരിച്ചുവരവിനായ്

ശാലിനി പി.(ബി.എ.സോഷ്യോളജി, മൂന്നാം വർഷം)

അതിർവരമ്പുകളില്ലാത്ത സ്വപ്നഭൂമിയിൽ വച്ചാണ് ഞാനയാളെ പരിചയപ്പെട്ടത്. വിജനമായ താഴ്‌വരയിൽ അയാളെന്നെ കാത്തുനിൽക്കുമായിരുന്നു. അയാളുടെ സാമീപ്യത്തിന് നിലാവിന്റെ ഗന്ധമായിരുന്നു.

വിരസത നിറഞ്ഞ സായാഹ്നങ്ങളിൽ എനിയ്ക്ക് സാന്ത്വനമായെത്തിയതും പ്രണയത്തിന്റെ ആദ്യാക്ഷരങ്ങൾ പറഞ്ഞുതന്നതും മറ്റാരുമായിരുന്നില്ല.

വരണ്ടുണങ്ങിയ വേനലന്തികളിലേക്ക് പെയ്തിറങ്ങിയ മഴപോലെ അയാളെന്നിലേക്ക് പെയ്തിറങ്ങുകയായിരുന്നു. ചുണ്ടുകളിൽ നനുത്ത പുഞ്ചിരിയുമായെത്തുന്ന അയാളുടെ നീട്ടിയ കൈകൾ മുറുകെ പിടിക്കാൻ ഞാനൊരുപാട് ശ്രമിച്ചതാണ്. പക്ഷേ....

ഇടയ്ക്കെപ്പോഴോ മുറിഞ്ഞുപോയ സ്വപ്നം തുന്നിച്ചേർക്കാൻ എത്ര ശ്രമിച്ചിട്ടും എനിക്ക് കഴിഞ്ഞില്ല. നീട്ടിപ്പിടിച്ച ആ കൈകളായിരുന്നു മനസ്സുനിറയെ. എന്റെ ഉള്ളിലെവിടെയോ സൂക്ഷിച്ചിരുന്ന പ്രണയത്തിന്റെ നീരുറവ പൊട്ടിയൊലിക്കാൻ തുടങ്ങിയത് ഞാനറിഞ്ഞു. മനസ്സിന്റെ വേദന എത്ര പണിപ്പെട്ടിട്ടും നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

എന്റെ വേദനയെ പാടെ നനച്ചുകൊണ്ട് അയാൾ പെയ്തിറങ്ങുമെന്ന് വെറുതെ കൊതിച്ചു. അയാളുടെ പദനിസ്വനത്തിനായ് ഞാൻ കാതോർത്തു.

കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ മനസ്സ് എങ്ങോ പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ചിന്തകളെ പാടേ മേയാൻ വിട്ടുകൊണ്ടങ്ങനെ വെറുതെ കണ്ണുകളടച്ചങ്ങനെ കിടന്നു. എങ്കിലും പ്രതീക്ഷ വിട്ടിരുന്നില്ല. അധികം വൈകാതെ ഉദിച്ചുയരുന്ന നിലാവിനായ് കാത്തുനിന്നു. ❖



# പേരുകൾ

ജിത ടി.കെ. (ബി.എ). സോഷ്യോളജി, രണ്ടാം വർഷം)

സ്വത്വം മറന്നുപോകുന്ന മനുഷ്യബന്ധങ്ങളിൽ ആദ്യം നഷ്ടമാകുന്നത് കണ്ണുകളിലെ തിളക്കമാണ്. ധൃതിയിലകന്നുപോകുന്ന സൗഹൃദങ്ങൾക്ക് കാരണങ്ങൾ അന്വേഷിക്കുന്ന നീഹാരിക വീണ്ടും തിരയുന്നതും പിന്നെയും ആലോചിച്ച് തിരുത്തുകയും ചെയ്യുന്നത് എന്താണ് എന്നതിനെക്കുറിച്ചുള്ള ചിന്തകൾ എവിടെയുമെത്താതെ നിലച്ചുപോകുന്നു. എത്തിപ്പെടുന്ന ഇടങ്ങളിലൊക്കെയും പേരുകളുടെ മുഴക്കമാണ്.

എഡ്വേർഡ്... അവനും, എന്റെ പേരും പിന്നെയെന്റെ ദൈവങ്ങളുടെ പേരും ചേർത്തുവച്ചു.

"ആമിയ, ഇനി നീയെന്നാണ് എന്നിൽ നിന്നകലുന്നത്?....

അതേയ്......തന്റെ പ്രാന്തും സാധനങ്ങളും ഒന്ന് മാറ്റിവെച്ച് കെടക്കാൻ നോക്ക്

എനിയ്ക്കൊറങ്ങണം.

ലൈറ്റ് ഓഫ് ചെയ്യുന്നു. ഗുഡ്നൈറ്റ് നിഹാ".....

കനത്ത ഇരുട്ടിൽ നിഹയെ തനിച്ചാക്കി അമീനയെന്ന പ്രിയപ്പെട്ട റൂംമേറ്റ് ഉറക്കം നടിച്ചു.

"അല്ലെങ്കിലും നിങ്ങളുടെ ഒരു ദൈവത്തിന്റെയടുത്ത് കറുത്ത ഡ്രസ്സിട്ട് ചെന്നാലല്ലേ, അനുഗ്രഹമുള്ളൂ......

നിഹയ്ക്കാണെങ്കിൽ ഇനി യോഗം വയസ്സുകാലത്തും"

പ്രഖ്യാപനം നടത്തിയത് ആരായിരുന്നു?.....

എന്നാലും നിഹ ഇരുട്ടിനെ സ്നേഹിക്കുന്നു.

ഇരുട്ടിലവൾ മരങ്ങൾ വരച്ചു.

മരങ്ങൾ –

അതിൽ ആൽമരം എന്റേത്.

ആദം, ഹവ്വ, ആപ്പിൾ.....അപ്പോൾ ആപ്പിൾമരം കുരിശു ചുമക്കട്ടെ.

'അപ്പോൾ ആമീ.......നിന്റേത്?........

ഇല്ല, അവൾ ഉറങ്ങിക്കഴിഞ്ഞിരിയ്ക്കുന്നു

നിഹ എന്നു മുതലാണ് ഇതത്രയും ചിന്തിച്ചു തുടങ്ങിയത്?......

കോളേജ് മാഗസിനിലേക്ക് ആത്മാർത്ഥതയോടെ എഴുതി നല്കിയ ആത്മകഥയിലൊരു ഭാഗം പിൻതള്ളിയപ്പോൾ സൂചനകൾ അവളിലേക്ക് പ്രവേശിച്ചു.

പതിവിനും വിപരീതമായി അക്ബറിന്റെ മുഖത്ത് താടി നീണ്ടു വളർന്നപ്പോൾ, കണ്ണുകൾക്ക് ചലനാത്മകത നഷ്ടപ്പെട്ടപ്പോൾ അവളിൽ ചോദ്യങ്ങളുറച്ചു.

വൈശാഖിന്റെ കൈകളിൽ കുരുങ്ങിയ നിറങ്ങളണിഞ്ഞ ചരടുകൾ കോർത്തുകെട്ടാനുദ്ദേശിക്കുന്നത് ആരെയാണ്?...... എന്നെ?....

നിഹ അസ്വസ്ഥയായി.

ഉറങ്ങാൻ കിടക്കുന്ന നിഹയ്ക്കു മുന്നിൽ കറുത്ത കമ്പളങ്ങളഴിച്ചുവെച്ച ദൈവങ്ങൾ താണ്ഡവമാടി. ചോരപൊട്ടിയൊലിയ്ക്കുന്ന തലയിലാരോ മഞ്ഞൾപ്പൊടി പൊത്തി. തെളിഞ്ഞ നാണയങ്ങൾ വരണ്ട കൈകളിലേക്ക് വീണുകൊണ്ടേയിരുന്നു.

പാല പൂക്കുന്ന മണം തുറന്നിട്ട ജനലിലൂടെ പേടിപ്പെടുത്തുന്നു. പുതപ്പുമാറ്റി അവളേയും കെട്ടിപ്പിടിച്ച് കിടക്കുമ്പോഴും കിതപ്പ് വിട്ടുമാറിയില്ല. എന്തോ പിറുപിറുത്തുകൊണ്ട് നേരിലേക്ക് തിരി


ഞ്ഞുകിടന്ന ആമിയുടെ കൈകൾ തന്നെ ചേർത്ത് പിടിച്ചപ്പോൾ നിഹ ശബ്ദമില്ലാതെ കരഞ്ഞു. പിന്നെയെപ്പോഴോ അവളുറങ്ങി.

* * * * *

എല്ലാ ദിവസങ്ങളിലേതും എന്നപ്പോലെ ആമി സുബഹ് നമസ്കരിച്ചതിനു ശേഷം നിഹയുടെ ഉയർന്നെഴുന്നേൽപ്പിന് ശ്രമമാരംഭിച്ചു. വെള്ളക്കുപ്പായത്തിൽ നിന്നും നീണ്ടു വന്ന കൈവിരലുകളിലേക്ക് ആദ്യമവൾ തുറിച്ചുനോക്കി. പിന്നെ കണ്ണുകളിലേക്കും.

അതിനു ശേഷം സംഭവിച്ചതൊക്കെയും വീണ്ടുമോർക്കാനാവാതെ ആശുപത്രി മുറിയുടെ വരാന്തയിൽ, ചുമരിൽ മുഖമമർത്തി ആമി ഉറക്കെ കരഞ്ഞു.






STORY

# THE EVENING FLOWER

**SNIGDHA MOHANRAJ**
(I BA Sociology)

**THE EVENING WAS MILLIFLUOUS SONOROUS AND WINOROME.** The garden beside the sea was festooned with flowers and it appeared as only flowers were in the world and life was as sweet as honey I who just began my career as a journalist used to visit the flowers, the lakes even though artificially built, the singing birds and small butterflies. The evening hours of my life was totally sounding vivacious. After the whole day's journey and work, the sigke which refresh me was that of the evening sun going silently index the deep wide waters with the satisfaction gained, staring at his ever - loving friend, the charming world without complaining the shells on the share were smiling at me or they were waiting for me till the evening. The sea was expressing its pleasure by the way of the heavy waves frequently kissing the shore.

The evening was providing my eyes, a calmness but still... I was feeling disturbed. Though the beautiful evening was striking my eyes, it couldn't really enter my heart. My heart was burning but I couldn't identify what was piercing my heart. A sudden flash came upon my mind that made my eyes wet, my heart beat faster and my hands fremble. It was that of a girl, a small red - faced girl with a sweet smile. That too was a cold evening and at the same beach resort I was staring at the sea and the setting sun. It was then that a sweet little girl came about suddenly and held my hands with love. I couldn't identify that it would be my life's most unforfunate moment.

I asked her a lot about her family, her home and maney other things but for all my questions she was only nodding. I made out that she couldn't talk. I held her strong in my arms and kissed her forehead. Her apple - red checks ran with tears as she was coming through such a love for the very first time in her life. Though my eyes filled with tears, I managed not to cry. We walked through the shore for some time. She was playing in the sands while I was beeying ice creams and toys for her. I could read from her face that she was enjoying the touch of water on her base skin. Suddely a huge move came. What was happening, couldn't realise but I could hardly see her on the shore. A great numbers came over me. When I understood that she had downed. I sat on the sands quealing aloud, for a long time for moths. I could see her before my eyes but now / some what forgetting her and / don't know what power in this world presented me with her thought. I prayed for the peace of her soul, the soul of that 'epheimeral evening flowers' and continued my conversation with the sea like darkness over led to world.

## തിരിച്ചറിവ്

മുഹമ്മദ് അജ്സൽ യു.ജെ.
(ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ഒന്നാം വർഷം)

രാവ് പോലെ മറ്റൊരു പകൽ. പക്ഷേ അവിടെ പൂനിലാവ് പരത്താൻ വർണ്ണചന്ദ്രനില്ല. സുഗന്ധം വിരിയിക്കുന്ന മുല്ലവള്ളികളും, ഭയപ്പാടിന്റെ നെറികേടിനെ വിളിച്ചറിയിക്കുന്ന നായയുടെ ഓരിയിടലും, പക്ഷേ പകലിലെ ചൂടുകിരണങ്ങൾക്ക് ഞാൻ കാഴ്ചയുടെ മധുരസൃഷ്ടിയിൽ ലയന മന്ത്രം നൽകി. ഈ പകലിനെയും കഴിഞ്ഞ രാവിനെയും ഞാൻ തമ്മിൽ തിരിച്ചറിഞ്ഞില്ല. തിരിച്ചറിവും പ്രതികരണശേഷിയും നഷ്ടമായ വഴിയിൽ വലിച്ചെറിയപ്പെട്ട തലമുറയിലാണല്ലോ ഞാനും. എനിക്ക് രാവ് പകലിനിടയിൽ നൽകിയ മറ നഷ്ടമായിരിക്കുന്നു. എങ്കിലും ജീവിതമെന്ന വേരുചീഞ്ഞ പടുമരം വീണ്ടും പൂക്കുമെന്ന പ്രതീക്ഷയിൽ വീണ്ടും ഞാൻ...... രാവ്..... പകൽ...

❖